IX ധനകാര്യം

The Minister for Finance and Law (Shri. K. M. Mani) : Sir, I lay on the Table the Final Supplementary Financial Statement for the year 1935-86 and the Statements of Demands for Excess Grants for the years 1979-80; 1981-82 and 1982-83.

X ചെയർമാൻമാരുടെ പാനൽ

ശ്രീ. കെ. മുഹമ്മദാലി, ശ്രീ. ഇ. ജെ. ലൂക്കോസ്, ശ്രീ. കെ. പി. അരവിന്ദാക്ഷൻ

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ. മുഹമ്മദാലി, ശ്രീ. ഇ. ജെ. ലൂക്കോസ്, ശ്രീ. കെ. പി. അരവിന്ദാക്ഷൻ എന്നിവരെ ഏഴാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിലേക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻ്റ് ഓഫ് ഓർഡർ ഭരണഘടനയുടെ 176-ാം വകുപ്പനുസരിച്ചാണ് ഗവർണ്ണർ ഇവിടെ അഡ്രസ് നടത്തിയിട്ടുള്ളത്. ഭരണഘടനയുടെ ലക്ഷ്യം എന്താണെന്നുപറഞ്ഞാൽ ഒരു നിയമസഭാസമ്മേളനം തുടങ്ങുന്ന ആദ്യത്തെ സമ്മേളനത്തിലോ അല്ലെങ്കിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഉടനെയോ നടത്തുന്ന ഒരു നയപ്രഖ്യാപന പ്രസംഗം ആണ്. എന്തിനുവേണ്ടിയാണ് ഈ സഭ സമൻ ചെയ്തത്, ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിനുമുമ്പുതന്നെ The Government has already committed a midterm poll. അടുത്ത ഒരു കൊല്ലത്തേക്കുള്ള നയങ്ങളെ സംബന്ധിച്ച് ഒരു പ്രഖ്യാപന പ്രസംഗം നടത്താൻ ഇതേവരെ ഇൻഡ്യയിലെ ജനാധിപത്യചരിത്രത്തിൽ ഒരു ഗവൺമെൻറും midterm poll പ്രഖ്യാപിച്ചിട്ട്, നയപ്രഖ്യാപന പ്രസംഗം നടത്തിയിട്ടില്ല. 176-ാം വകുപ്പിൻെറ സ്പിരിറ്റിനും ലക്ഷ്യത്തിനും വിരുദ്ധമായിട്ടാണ് ഈ നയപ്രഖ്യാപനം. അതിരിക്കട്ടെ, അങ്ങനെയുള്ള നയപ്രഖ്യാപനപ്രസംഗത്തിന് കൃതജ്ഞത അവതരിപ്പിക്കുകയാണ് ഇവിടെ. ഈ കൃതജ്ഞതാപ്രമേയം പാസ്സായാൽ ഞാൻ ഉൾപ്പെടെയുള്ള ഈ സഭയാണ് ഇതിനു കൃതജ്ഞത പ്രകടിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഭരണഘടനാചട്ടങ്ങളെ ലംഘിച്ചുകൊണ്ടുള്ള ഒരു നടപടിക്രമമാണിതെന്ന് ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുകയാണ്. ഇൻഡ്യയിലെ ലെജിസ്ലേച്ചറിൻെറ ചരിത്രത്തിൽ ഇങ്ങനെയൊരു സംഭവം ഇതിനുമുമ്പുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ അങ്ങയുടെ ഒരു തീരുമാനം വരണം. It is a fraud on the constitution.

മി. സ്പീക്കർ : അത് പറഞ്ഞു കഴിഞ്ഞ കാര്യമാണ്. ഇന്നത്തെ ചോദ്യോത്തരവേളയിൽ ഒരു ചോദ്യത്തിനു മറുപടിയായി അങ്ങനെ ആലോചിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു പോയിൻറാണ് അത്. അതിനകത്ത് പോയിൻറ് ഓഫ് ഓർഡർ ഒന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly